REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 06-02-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **ബ്രഹ്മപുരത്തെ മാലിന്യങ്ങൾ നിറഞ്ഞ പ്രദേശങ്ങളിലെ ബയോമൈനിംഗ് 75 ശതമാനം പൂർത്തിയാക്കിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ഡൽഹി നിയമസഭയിലേക്ക് ഇന്നലെ നടന്ന വോട്ടെടുപ്പിൽ 60.42 ശതമാനം പോളിംഗ്. വോട്ടെണ്ണൽ മറ്റന്നാൾ.**
- **കാസർഗോഡ് ജില്ലയിൽ പട്ടികജാതി വിഭാഗക്കാരുടെ ഒമ്പത് ഉന്നതികളിൽ അംബേദ്ക്കർ ഗ്രാമം പദ്ധതി പൂർത്തിയായി.**
- **വയനാട്ടിൽ മൂന്ന് കടുവകൾ ചത്ത സംഭവം അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ചതായി മന്ത്രി A.K ശശീന്ദ്രൻ.**
- **ദേശീയ ഗെയിംസിൽ മെഡൽ പ്രതീക്ഷയുമായി തൈക്വാണ്ടോയിൽ കേരളം ഇന്നിറങ്ങും.**
- **ഇന്ത്യ- ഇംഗ്ലണ്ട് ആദ്യ ഏകദിനം ഉച്ചകഴിഞ്ഞ് നാഗ്പൂരിൽ.**

## വാർത്തകൾ വിശദമായി

**ബ്രഹ്മപുരത്തെ മാലിന്യങ്ങൾ നീക്കി മനോഹരമായ ഇടമാക്കി മാറ്റുമെന്ന ഗവൺമെന്റിന്റെ വാക്ക് യാഥാർഥ്യമാവുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മാലിന്യം നിറഞ്ഞ പ്രദേശങ്ങളിലെ ബയോ മൈനിംഗ് 75 ശതമാനം പൂർത്തിയാക്കിയതായി അദ്ദേഹം ഫെയ്സ്ബുക്കിൽ കുറിച്ചു. മാസങ്ങൾക്കകം ബയോമൈനിംഗ് പൂർത്തിയാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.**

✪✪✪

ഡൽഹി നിയമസഭയിലേക്ക് ഇന്നലെ നടന്ന വോട്ടെടുപ്പിൽ 60.42 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ഏറ്റവും കൂടുതൽ പോളിങ് രേഖപ്പെടുത്തിയത് വടക്കു കിഴക്കൻ ഡൽഹി ജില്ലയിലാണ്- 66.25 ശതമാനം.

തെക്ക് കിഴക്കൻ ഡൽഹിയിലാണ് ഏറ്റവും കുറവ് - 56.16 ശതമാനം. വോട്ടെടുപ്പ് പൊതുവെ സമാധാനപരമായിരുന്നു.

ഉപതിരഞ്ഞെടുപ്പ് നടന്ന തമിഴ്നാട്ടിലെ ഈറോഡ്-ഈസ്റ്റ് നിയമസഭാ മണ്ഡലത്തിൽ 67.97 ശതമാനവും, ഉത്തർപ്രദേശിലെ മിൽകിപൂരിൽ 65.35 ശതമാനവും പോളിങ് രേഖപ്പെടുത്തി.

മറ്റന്നാളാണ് വോട്ടെണ്ണൽ.

✪✪✪

സംസ്ഥാന യുവജനക്ഷേമ ബോർഡ് ഏർപ്പെടുത്തിയ സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം മന്ത്രി സജി ചെറിയാൻ പ്രഖ്യാപിച്ചു. സാമൂഹ്യപ്രവർത്തനം, മാധ്യമ പ്രവർത്തനം , കല, സാഹിത്യം, കായികം , സംരംഭകത്വം, കൃഷി, ഫോട്ടോഗ്രാഫി എന്നീ മേഖലകളിൽ മികച്ച പ്രവർത്തനം നടത്തിയ വ്യക്തികൾക്കാണ് പുരസ്ക്കാരം പ്രഖ്യാപിച്ചത്. സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മികച്ച പ്രവർത്തനം കാഴ്ചവെച്ച യൂത്ത് ക്ലബ്ബുകൾക്കും യുവാ ക്ലബ്ബുകൾക്കും അവളിടം ക്ലബ്ബുകൾക്കും പുരസ്ക്കാരം മന്ത്രി തിരുവനന്തപുരത്ത് പ്രഖ്യാപിച്ചു.

സാമൂഹികപ്രവർത്തനത്തിനു നൽകുന്ന പുരസ്കാരം ഹരിപ്പാട് സ്വദേശി മുഹമ്മദ് ഷബീറിനാണ്.

✪✪✪

CSR ഫണ്ട് തട്ടിപ്പ് കേസിലെ പ്രതി തൊടുപുഴ സ്വദേശി അനന്തു കൃഷ്ണൻ നേരെത്തെയും സാമ്പത്തിക തിരിമറി നടത്തിയതിന് കൂടുതൽ തെളിവുകൾ പുറത്തുവന്നു. BJP സംസ്ഥാന സമിതി അംഗം ഗീതാ കുമാരിയിൽ നിന്ന് 2017 ൽ 25 ലക്ഷം രൂപ വാങ്ങി തിരികെ നൽകാത്തതിന് കേസ് നിലവിലുണ്ട്. പകുതി വിലയ്ക്ക് സ്കൂട്ടറും ലാപ് ടോപ്പും കാർഷികോപകരണങ്ങളും നൽകാമെന്ന് തെറ്റിദ്ധരിപ്പിച്ച് പണം തട്ടിയെടുത്ത സംഭവത്തിൽ ഇടുക്കി ജില്ലയിൽ മാത്രം ആയിരത്തോളം പരാതികളാണ് ഇതുവരെ അനന്തുവിനെതിരെ പൊലീസിന് ലഭിച്ചത്. നൂറോളം സ്ത്രീകളാണ് കഴിഞ്ഞ ദിവസം പണം നഷ്ടപ്പെട്ടെന്ന പരാതിയുമായി തൊടുപുഴ പോലീസ് സ്റ്റേഷനിൽ എത്തിയത്. പണം നൽകിയതിന്റെ രേഖ പരിശോധിച്ച് കേസ് രജിസ്റ്റർ ചെയ്യുമെന്ന് ജില്ലാ പോലീസ് മേധാവി ടി.കെ വിഷ്ണു പ്രദീപ് പറഞ്ഞു. സംസ്ഥാനത്തൊട്ടാകെ 700 കോടിയിലധികം രൂപയുടെ തട്ടിപ്പ് അനന്തു നടത്തിയിട്ടുണ്ടെന്നാണ് പ്രാഥമിക കണ്ടെത്തൽ.

✪✪✪

അതേസമയം, CSR ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ ആയിരത്തിലേറെ പരാതികളാണ് വിവിധ പൊലീസ് സ്റ്റേഷനുകളിലായി ലഭിച്ചത്. പൊന്നാനി, കൊണ്ടോട്ടി, നിലമ്പൂർ മേഖലകളിലാണ് കൂടുതൽ പരാതികൾ.

✪✪✪

കാസർഗോഡ് ജില്ലയിൽ പട്ടികജാതി വിഭാഗക്കാരുടെ ഒമ്പത് ഉന്നതികളിൽ അംബേദ്ക്കർ ഗ്രാമം പദ്ധതി പൂർത്തിയായി. പിന്നാക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളെ സംരക്ഷിക്കുകയും സമഗ്രവികസനം ഉറപ്പാക്കുകയും ചെയ്യുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി P ജഗന്നിവാസൻ.

.........(വോയ്സ്)................

നിലവിൽ ബന്ദിയോട് കളമ്പാടി,കല്ലക്കട്ട, ബാറഡുക്ക, ചായ്യോത്ത്, ആനിക്കാടി, രാവണേശ്വരം, ദേവറഡുക്ക, ഉജ്ജുംപാടി തുടങ്ങിയ ഉന്നതികളാണ് പൂർത്തീകരിച്ചത്. പദ്ധതി നടപ്പിലാക്കുന്ന ഓരോ ഗ്രാമത്തിലും റോഡുകളുടെ നവീകരണം, കുടിവെള്ള വിതരണം, തെരുവ് ലൈറ്റുകളഅ, ഇന്റർനെറ്റ് കണക്ഷൻ, മാലിന്യസംസ്കരണ സംവിധാനം, ഭവന നിർമ്മാണം, ടോയ്‌ലറ്റ് നിർമ്മാണം, വായനശാലകൾ, കളിസ്ഥലങ്ങൾ, കിണറുകളുടെ നവീകരണം തുടങ്ങി സമഗ്ര വികസനം ലക്ഷ്യമിടുന്നു.

✪✪✪

UDF ന്റെ നേതൃത്വത്തിൽ പ്രതിപക്ഷ നേതാവ് VD സതീശൻ നയിച്ച മലയോര സമര യാത്ര തിരുവനന്തപുരത്ത് സമാപിച്ചു. അമ്പൂരിയിൽ നടന്ന സമാപന സമ്മേളനം AICC ജനറൽ സെക്രട്ടറി ദീപാ ദാസ് മുൻഷി ഉദ്ഘാടനം ചെയ്തു.

രണ്ട് തവണ തുടർച്ചയായി ഭരിച്ചിട്ടും LDF ഗവൺമെന്റിന് മനുഷ്യ - വന്യമൃഗ സംഘർഷം പരിഹരിക്കാനായില്ലെന്ന് ദീപാ ദാസ് മുൻഷി ആരോപിച്ചു. ഇത് മാനുഷിക പ്രശ്നമാണെന്നും, സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ UDF ഒറ്റക്കെട്ടായി നിലകൊള്ളുമെന്നും അവർ വ്യക്തമാക്കി.

വന്യ മൃഗങ്ങളെ പേടിച്ച് മലയോര ജനതയ്ക്ക് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയാണെന്നും, വന്യ മൃഗ ശല്യം പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കുന്നില്ലെന്നും VD സതീശൻ പറഞ്ഞു.

✪✪✪

മലപ്പുറം ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിലെ വാർഡ്, ഡിവിഷൻ വിഭജനവും അതിർത്തി നിർണയവും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഹിയറിംഗ് ഇന്നു പൂർത്തിയാകും.

ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാനും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറുമായ എ.ഷാജഹാന്റെ നേതൃത്വത്തിൽ ഇന്നലെ ആരംഭിച്ച ഹിയറിങ് രാത്രി വരെ നീണ്ടു. 1,484 പരാതികൾ ഷെഡ്യൂൾ ചെയ്തതിൽ ഹാജരായ മുഴുവൻ പരാതിക്കാരെയും കമ്മീഷൻ നേരിൽകേട്ടു.

ഇന്ന് 1,356 പരാതിക്കാരെയാണ് കമ്മീഷൻ കേൾക്കുക.

✪✪✪

വയനാട്ടിൽ മൂന്ന് കടുവകൾ ചത്ത സംഭവം അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ചതായി മന്ത്രി A.K ശശീന്ദ്രൻ അറിയിച്ചു. മയ്യക്കൊല്ലി ഭാഗത്ത് രണ്ട് കടുവകളെയും കോഡാർ എസ്റ്റേറ്റ് ബ്ലോക്ക് 11 -ൽ കാപ്പിതോട്ടത്തിൽ ഒരു കടുവക്കുഞ്ഞിനെയുമാണ് ചത്ത നിലയിൽ കണ്ടെത്തിയത്.

സംഭവത്തിൽ ദുരൂഹതയുണ്ടോ എന്നതും, ഇതിന് പിന്നിൽ മനഃപൂർവ്വം ആരെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ എന്നതും ഉൾപ്പെടെ അന്വേഷണ സംഘം പരിശോധിക്കുമെന്നും മന്ത്രി അറിയിച്ചു.

ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

കാസർഗോഡ് കൊളത്തൂർ മടന്തക്കോട് തുരങ്കത്തിൽ കുടുങ്ങിയ നിലയിൽ പുലിയെ കണ്ടെത്തി. മടന്തക്കോട് അനിലിന്റെ ഉടമസ്ഥതയിലുള്ള തോട്ടത്തിലെ തുരങ്കത്തിലാണ് ഇന്നലെ വൈകീട്ട് 7 മണിയോടെ പുലിയെ കണ്ടെത്തിയത്.കഴിഞ്ഞ ഒരാഴ്ചയായി പെർളടുക്കം, കൊളത്തൂർ ഭാഗത്ത് പുലി ഭീഷണി നിലനിൽക്കുന്നുണ്ടായിരുന്നു.

✪✪✪

113-ാമത് ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിൽ പമ്പാ മണൽ പുറത്തെ ശ്രീവിദ്യാധിരാജാ നഗറിൽ രാവിലെ മുതൽ സമ്പൂർണ്ണ നാരായണീയ പാരായണം നടക്കും. വൈകിട്ട് പരിസ്ഥിതി- സാംസ്കാരിക സമ്മേളനം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ഡെറാഡൂണിൽ 38 -ാമത് ദേശീയ ഗെയിംസിൽ മെഡൽ പ്രതീക്ഷയുമായി തൈക്വാണ്ടായിൽ കേരളം ഇന്നിറങ്ങും.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....(വോയ്സ്)......

വോയ്സ് - ദേശീയ ഗെയിംസ്

ക്യറൂഗിയിൽ 57 കിലോ ഗ്രാം വിഭാഗത്തിൽ K.A എബിനയും, വനിതാ പൂംസെയിൽ ഗോവൻ ഗെയിംസിലെ വെള്ളി മെഡൽ ജേതാവ് ലയ ഫാത്തിമയും മത്സരിക്കും.

കേരള പുരുഷ ഫുട്ബോൾ ടീം ഫൈനലിൽ പ്രവേശിച്ചു. സെമിയിൽ അസമിനെ പെനാൽറ്റി ഷൂട്ടൗട്ടിൽ 3-2 നു പരാജയപ്പെടുത്തിയാണ് കേരളം ഫൈനലിൽ എത്തിയത്. നാളെ നടക്കുന്ന ഫൈനലിൽ ഉത്തരാഖണ്ഡാണ് കേരളത്തിന്റെ എതിരാളി. കേരള പുരുഷ, വനിതാ ബീച്ച് വോളിബോൾ ടീം സെമി കാണാതെ പുറത്തായി.

അത്‌ലറ്റിക്സ് ടീം ഇന്നു ഡെറാഡൂണിലെത്തും.

മറ്റന്നാളാണ് അത്‌ലറ്റിക്സ് മത്സരങ്ങൾ ആരംഭിക്കുന്നത്. പകുതി ഇനങ്ങളിലും കേരളം പങ്കെടുക്കുന്നില്ലെങ്കിലും മെഡൽ പ്രതീക്ഷ പുലർത്തുന്നുണ്ട്. 24 മത്സര ഇനങ്ങളിൽ 12 ഇനങ്ങളിലാണ് കേരളം പങ്കെടുക്കുന്നത്. ഓഫ് സീസൺ ആയതിനാൽ മികച്ച താരങ്ങൾ പലരും പിന്മാറിയതാണ് ഇതിന്റെ കാരണം.

ഗെയിംസിൽ 9 സ്വർണവും 9 വെള്ളിയും 6 വെങ്കലവുമുൾപ്പെടെ 24 മെഡലുകളുമായി പട്ടികയിൽ ഒൻപതാം സ്ഥാനത്താണ് കേരളം. 28 സ്വർണവുമായി കർണാടകയാണ് ഒന്നാമത്.

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. മൂന്ന് മത്സര പരമ്പരയിലെ ആദ്യമത്സരം നാഗ്പൂരിലെ വിദർഭ ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 1:30 ന് ആരംഭിക്കും.

ട്വന്റി-20 പരമ്പരയിൽ 4-1 ന് ഇംഗ്ലണ്ടിനെ തകർത്ത ആവേശവുമായാണ് ടീം ഇന്ത്യ ഏകദിന മത്സരത്തിനിറങ്ങുന്നത്. വിരാട്കോഹ്‌ലി, രോഹിത് ശർമ്മ, വരുൺ ചക്രവർത്തി എന്നിവരെ ടീമിലുൾപ്പെടുത്തി.

✪✪✪

കൊൽക്കത്തയിൽ ISL ഫുട്ബോളിൽ പഞ്ചാബ് FC യെ എതിരില്ലാത്ത മൂന്നു ഗോളുകൾക്ക് തോൽപ്പിച്ചു മോഹൻബഗാൻസൂപ്പർ ജയന്റ് പ്ലേ ഓഫ് ഉറപ്പിച്ചു.

ഇന്ന് വൈകിട്ട് ഏഴരയ്ക്ക് ഗോവയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ FC ഗോവ, ഒഡീഷ FC യെ നേരിടും.

✪✪✪

കേരള എലൈറ്റ് പ്രീമിയർ ലീഗ് ഫുട്ബോളിൽ കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന റിയൽ മലബാർ FC - കേരള യുണൈറ്റഡ് FC മത്സരം സമനിലയിൽ കലാശിച്ചു. ഇരു ടീമുകളും ഓരോ ഗോൾ നേടി.

✪✪✪

ഐ ലീഗ് സെക്കൻഡ് ഡിവിഷൻ ഫുട്ബോളിൽ ഇന്ന് സാറ്റ് FC കേരള, യുണൈറ്റഡ് FC കൊൽക്കത്തയുമായി മത്സരിക്കും.

വൈകിട്ട് നാലിന് മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

പാലായിൽ കിണറിടിഞ്ഞു ഉള്ളിൽ കുടുങ്ങിയ തൊഴിലാളി മരിച്ചു. തമിഴ്നാട് കമ്പം സ്വദേശി രാമൻ ആണ് മരിച്ചത്. അപകടം നടന്ന് 6 മണിക്കൂറിന് ശേഷമാണ് മൃതദേഹം പുറത്തെടുത്തത്.

✪✪✪

കോഴിക്കോട് അരയിടത്ത് പാലത്ത് കഴിഞ്ഞ ദിവസം ഒരാളുടെ മരണത്തിനിടയാക്കിയ ബസപകടത്തിന് കാരണം അമിത വേഗമാണെന്ന് മോട്ടോർ വാഹനവകുപ്പിന്റെ റിപ്പോർട്ട്. ബസിന് സാങ്കേതിക തകരാർ ഉണ്ടായിരുന്നില്ല. ബസ് ഡ്രൈവർക്ക് ലൈസൻസ് സസ്പെൻഡ് ചെയ്യാതിരിക്കാർ കാരണം കാണിക്കാൻ നോട്ടീസ് നൽകി.

✪✪✪

സംസ്ഥാനത്ത് നിന്നു ഏക യൂറോപ്യൻ സർവീസായ എയർ ഇന്ത്യയുടെ കൊച്ചി-ലണ്ടൻ വിമാന സർവീസ് നിർത്തിവെക്കില്ലെന്ന് സിയാൽ അറിയിച്ചു. അടുത്തമാസം 28 മുതൽ സർവീസ് നിർത്തിവയ്ക്കുമെന്ന് എയർ ഇന്ത്യ അറിയിച്ചിരുന്നു. ഗവൺമെൻറ് നിർദ്ദേശപ്രകാരം സിയാൽ മാനേജിംഗ് ഡയറക്ടർ S സുഹാസ്, എയർപോർട്ട് ഡയറക്ടർ മനു ജി എന്നിവർ ഗുഡുഗാവിലെ എയർ ഇന്ത്യ ആസ്ഥാനത്ത് അധികൃതരുമായി നടത്തിയ ചർച്ചയിലാണ് ഇതു സംബന്ധിച്ച ധാരണയായത്.

✪✪✪

പാലക്കാട് കാഞ്ഞിരപ്പുഴ പദ്ധതിയുടെ ഇടതുകര കനാലിലൂടെ രണ്ടാംഘട്ട ജലവിതരണം ഇന്ന് രാവിലെ പത്തു മണിക്ക് ആരംഭിക്കും. ജലസേചനപദ്ധതിയുടെ പരിധിയിൽ വരുന്ന ചളവറ, അമ്പലപ്പാറ, അനങ്ങനടി പഞ്ചായത്തുകളിലെ കർഷകരുടെ അവശ്യം പരിഗണിച്ചാണ് ജലവിതരണം നടത്തുന്നത്.

✪✪✪

CPIM ഇടുക്കി ജില്ലാ സമ്മേളനം തൊടുപുഴയിൽ വൈകിട്ട് സമാപിക്കും. പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

CPIM കാസർഗോഡ് ജില്ല സമ്മേളനത്തിന് കാഞ്ഞങ്ങാട്ട് തുടക്കമായി. പ്രതിനിധി സമ്മേളനം പോളിറ്റ് ബ്യൂറോ അംഗം A.വിജയരാഘവൻ ഉദ്ഘാടനം ചെയ്തു.

✪✪✪

പ്രിയങ്ക ഗാന്ധി MP ശനിയാഴ്ച മുതൽ മൂന്ന് ദിവസം വയനാട് സന്ദർശിക്കും. നിയോജകമണ്ഡലം അടിസ്ഥാനത്തിൽ നടക്കുന്ന UDF ബൂത്ത് തല തിരഞ്ഞെടുപ്പ് കമ്മിറ്റി ഭാരവാഹികളുടെ സംഗമങ്ങളിൽ പ്രിയങ്ക പങ്കെടുക്കുമെന്ന് UDF വയനാട് ജില്ലാ കമ്മിറ്റി അറിയിച്ചു.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: ഹക്കീം കൂട്ടായി*
*Casual News Reader: സബിത ആനന്ദ്*
*DEO: ഷീബ*